(6) മാറനല്ലൂർ. (നെയ്യാറിൻകര)
(7) പയ്യക്കട. (വിളവംകോട്)
(8) പള്ളിമാത്തു. (ചിറയിൻകീഴ്)
(9) കടപ്ര. (തിരുവല്ലാ താലൂക്ക്)
(10) കല്ലേലി. (പത്തനംതിട്ടതാലൂക്ക്)
(11) മണ്ണത്തൂർ. (മൂവാറ്റുപുഴ താലൂക്ക്)
(12) ഉടുമ്പന്നൂർ. (തൊടുപുഴ താലൂക്ക്)

ഈലോ പുതി ഡിസ്റ്റൻസറികൾ (പുതിയതും പഴയതും)

1. Chadayamangalam
2. Kulathupuzha.
3. Elanthoor.
4. Chandanapally.
5. Sasthamcotta.
6. Perinad.
7. Ranni-Kunnam
8. Velinalloor.
9. Kalavoor.
10. Vallikavu.
11. Kesavapuram.
12. Pullampara.
13. Sooranad.
14. Elangy.
15. Triprayar.
16. Erattupettah.
17. Pampakuda.
18. Thelliyoor.
19. Parathanam.
20. Munampom.
21. Vallikunnam.
22. Karukachal.

എൻ. ഇ. എസ്. ബ്ലോക്ക്.

* 348. [43] ശ്രീ. ഡി. വിവേകാനന്ദൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുമ്മണ്ണിറവി പ്രോജക്ടുകൾ എൻ. ഇ. എസ്. ബ്ലോക്കുകളായി മാറ്റാൻ ഗവണ്മെന്റ് തീരുമാനിച്ചിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) എൻ. ഇ. എസ്. ബ്ലോക്കുകളായുന്നതുകൊണ്ടുള്ള മെച്ചം എന്തു് ;

(സി) എസ്റ്റാബ്ലിഷ്മെൻറ് ചെലവു് കുറഞ്ഞു കിട്ടുമോ :

(ഡി) കമ്മ്യൂണിറ്റി പ്രോജക്ടുകളിലും എൻ. ഇ. എസ്. ബ്ലോക്കുകളിലും ചെലവാക്കുന്ന പണം തികച്ചും ഫലപ്രദമാണെന്നു് ഗവണ്മെൻറ് കരുതുന്നുണ്ടോ ?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ) :

(എ) തീരുമാനിച്ചിട്ടില്ല. അതിനെപ്പറ്റി ആലോചിക്കുന്നുണ്ടു്.

(ബി) പ്രോജക്ടിനുള്ളിൽ പെട്ടുകിടക്കുന്നുവെങ്കിലും വേണ്ടത്ര അഭിവൃദ്ധിപ്പെട്ടിട്ടില്ലാത്ത പ്രദേശങ്ങൾ പ്രത്യേകം ബ്ലോക്കായി തിരിച്ചെടുത്താൽ കൂടുതൽ ശ്രദ്ധ ചെലുത്തുവാൻ സാധിക്കും.

(സി) ഈ കാര്യവും ആലോചിക്കുന്നുണ്ടു്.

(ഡി) ഉണ്ടു്.

ആശുപത്രികളിൽ മരുന്നു കിട്ടുന്നില്ലെന്നുള്ള പരാതി.

* 349. [44] ശ്രീ. ഡി. വിവേകാനന്ദൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് പൊതുജനാരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആശുപത്രികളിലും, ഡിസ്പെൻസറികളിലും ആവശ്യത്തിനു് മരുന്നു കിട്ടുന്നില്ലെന്നുള്ള പരാതിക്കു് ഒട്ടെങ്കിലും കുറവു വന്നിട്ടുള്ളതായി ഗവണ്മെൻറിനു് ബോദ്ധ്യമുണ്ടോ ;

(ബി) നെയ്യാറ്റിൻകര ആശുപത്രിയിൽ ഒരു മാസത്തേക്കു് ആകെ എത്ര രൂപയുടെ മരുന്നു കൊടുക്കുന്നു ;

(സി) എത്ര രോഗികളെ പ്രതിമാസം അവിടെ ചികിത്സിക്കുന്നു;

(ഡി) കുത്തിവെക്കാനുള്ള മരുന്നിനോടൊപ്പം ഇഞ്ചക്ഷൻ ഫീഡ്‌ലുംകൂടി വാങ്ങിക്കൊണ്ടുചെല്ലാൻ അവിടെ രോഗികളോടു് ആവശ്യപ്പെടുന്നതായി ഗവണ്മെൻറിൻറെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) നെയ്യാറ്റിൻകര ആശുപത്രിയിൽ ആകെ എത്ര കിടക്കയുണ്ടു്? എത്ര രോഗികളെ അവിടെ കിടത്തി ചികിത്സിക്കാറുണ്ടു് ;

(എഫ്) 1955 ജൂൺ 15–ാം തീയതി അവിടെ ചികിത്സക്കായി കിടന്ന രോഗികളുടെ എണ്ണമെത്ര ;

(ജി) അവിടത്തെ ചികിത്സാസൗകര്യം വർദ്ധിപ്പിക്കാൻ ഗവണ്മെൻറ് എന്തെല്ലാം ചെയ്യാൻ ഉദ്ദേശിക്കുന്നു ?

ആരോഗ്യ വകുപ്പുമന്ത്രി (ശ്രീ. എ. എ. റഹിം) :

(എ) പരാതികൾക്കു് കുറവു വന്നിട്ടുണ്ടു്.

(ബി) ശരാശരി 1267 രൂപക്കു്.

(സി) In-patients—3205
Out-patients—15601
ആകെ 18806.

LIBRARY ARCHIVES Kerala Legislative Assembly